# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3051** — **21.06.2013-ൽ മറുപടിക്ക്**

## കാർഷിക മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. കെ. ബഷീർ | | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിലെ സർക്കാർ സ്ഥാപനങ്ങൾ നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ പ്രയോജനവും നിലവാരവും സംബന്ധിച്ച് എന്തെങ്കിലും പരിശോധനയോ വിലയിരുത്തലോ നടത്തുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) പ്രസ്തുത ഗവേഷണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള സർക്കാർ സ്ഥാപനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) | കേരള കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കേന്ദ്ര കിഴങ്ങ്വർഗ്ഗ ഗവേഷണ കേന്ദ്രം, ഭാരത സുഗന്ധവിള ഗവേഷണ കേന്ദ്രം, ഭാരത ഏലം ഗവേഷണ കേന്ദ്രം എന്നിവയാണ് കേരളത്തിൽ പ്രവർത്തിക്കുന്ന കാർഷിക ഗവേഷണ സ്ഥാപനങ്ങൾ. |
| സി) കാർഷിക മേഖലയിലെ ഗവേഷണ പരിപാടികളുടെ പുരോഗതി തൃപ്തികരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; | സി) | ഉണ്ട്. |
| ഡി) കാർഷിക മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും ആവശ്യാധിഷ്ഠിതവുമാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | ഡി) | കാർഷിക മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും ആവശ്യാധിഷ്ഠിതവുമാക്കുന്നതിനുവേണ്ടി ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ഗവേഷണ നിർദ്ദേശങ്ങളും സർവകലാശാല ഫാക്കൽറ്റി റിസർച്ച് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തതിനു ശേഷമാണ് അനുവദിക്കാറുള്ളത്. അതുപോലെ ഏകോപിത ഗവേഷണ പദ്ധതികളെക്കുറിച്ച് വാർഷിക അവലോകനയോഗത്തിൽ വിശദമായ ചർച്ചകൾക്ക് ശേഷമാണ് തുടർഗവേഷണ പദ്ധതികൾക്ക് അനുവാദം നൽകാറുള്ളത്. |

സെക്ഷൻ ആഫീസർ